പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1651

02.07.2015-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുകയുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നിക്കി വച്ചതുക സാധാരണ ഗതിയിൽ എത്ര ഗഡുക്കളായി ഏതെല്ലാം സമയങ്ങളിലാണ് വിതരണം ചെയ്യുന്നത് എന്നറിയിക്കാമോ ; | എ) പൊതു ആവശ്യഫണ്ട് 12 ഗഡുക്കളായി ഏപ്രിൽ മുതൽ മാർച്ച് വരെയും സംരക്ഷണ ഫണ്ട് 10 ഗഡുക്കളായി ഏപ്രിൽ മുതൽ ജനുവരി വരെയും വികസന ഫണ്ട് 10 ഗഡുക്കളായി മേയ് മുതൽ ഫെബ്രുവരി വരെയുമാണ് വിതരണം ചെയ്തു വന്നിരുന്നത്. 2015-16 സാമ്പത്തിക വർഷം മുതൽ ഈരീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. |
| ബി) 2014-15 ൽ ഈ വകയിൽ നീക്കിവച്ച തുക എത്ര എത്രയായിരുന്നു; ഇത് എത്ര ഗഡുക്കളായിട്ടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള തെന്നറിയിക്കാമോ; | ബി) 2014-15 സാമ്പത്തിക വർഷം 7507.48 കോടി രൂപ നീക്കിവച്ചിരുന്നു. പൊതു ആവശ്യ ഫണ്ട് 12 ഗഡുക്കളായും വികസനഫണ്ടും സംരക്ഷണ ഫണ്ടും 10 ഗഡുക്കളായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക 8 ഗഡുക്കളായും ലോക ബാങ്ക് സഹായം, ഗ്യാപ് ഫണ്ട്, വികസന ഫണ്ടിനത്തിലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിലുള്ള വിഹിതം, മികച്ച ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതം എന്നിവ ഓരോ ഗഡുക്കളായും വിതരണം ചെയ്തിട്ടുണ്ട്. |
| സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കിയതിനു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗഡുക്കൾ ഈ സ്ഥാപനങ്ങളുടെ ട്രഷറി അക്കൗണ്ടിലേക്കാണോ കൈമാറ്റം ചെയ്യുന്നത്; | സി) പൊതു ആവശ്യഫണ്ട് മാത്രം ട്രഷറി അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. മറ്റുള്ളവ നേരിട്ട് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നിയമാനുസരണം പിൻവലിക്കുന്ന രീതിയാണ് നിലവിലുള്ളത്. |

| | |
|---|---|
| ഡി) 2014-15 ൽ കൈമാറ്റം ചെയ്യപ്പെട്ട തുകയിൽ പദ്ധതി തുടർപ്രവർത്തനത്തിനായി എത്ര തുക മാറ്റിവച്ചിട്ടുണ്ടെന്നുള്ള കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ അവ ലഭ്യമാക്കാമോ? | ഡി) കണക്കെടുത്തിട്ടുണ്ട്. 2014-2015 ൽ കൈമാറ്റം ചെയ്യപ്പെട്ട തുകയിൽ പദ്ധതി തുടർ പ്രവർത്തനത്തിനായി 1,96,365.29 ലക്ഷം രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ